ടോയ്‌ലെറ്റ് സംവിധാനം ഏർപ്പെടുത്തുകയും ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി എന്നീ സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പൂറമെ ചടയമംഗലം നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ പ്രതിരോധ കുത്തിവയ്പ്പും രോഗനിർണ്ണയ ക്യാമ്പുകൾ, ക്യാൻസർ കെയർ പ്രോഗ്രാം, പാലിയേറ്റീവ് കെയർ എന്നിവ നടത്തിവരുന്നു.

ഇറവൂർ താലൂക്കാശുപത്രിയുടെ പുതിയ ഐ. പി. ബ്ലോക്ക്

43 (8103) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അരൂർ മണ്ഡലത്തിലെ ഇറവൂർ ആശുപത്രിയുടെ പുതിയ ഐ. പി. ബ്ലോക്കിന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത് ; ഈ പ്രവൃത്തി എന്നേയ്ക്ക് പൂർത്തിയാകും ;

(ബി) ഇറവൂർ താലൂക്ക് ആശുപത്രിയുടെ നവീകരണത്തിനായി എൻ.ആർ.എച്ച്.എം. ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രരൂപ അനുവദിച്ചു ; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 6-7-2010-ലെ ജി.ഒ.(ആർ‌റ്റി.) നമ്പർ 1104/2010/പൊ.മ.വ. എന്ന ഉത്തരവ് പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. ഗ്രൗണ്ട് ഫ്ലോറിന്റെ കോൺക്രീറ്റ് വരെയുള്ള നിർമ്മാണം ഇതുവരെ പൂർത്തിയായിട്ടുണ്ട്.

(ബി) ഇറവൂർ താലൂക്കാശുപത്രിയുടെ നവീകരണത്തിനായി എൻ.ആർ.എച്ച്എം. ഫണ്ട് അനുവദിച്ചിട്ടില്ല.

ഞാറയ്ക്കൽ സർക്കാർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി

44 (8104) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് 5 കോടി രൂപയ്ക്ക് ഞാറയ്ക്കൽ സർക്കാർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി സർക്കാരിന് മുന്നിൽ എത്തിയിട്ട് എത്ര നാളായിയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചികിത്സായൂണിറ്റുകൾ, ലാബ്, എക്സ്-റേ, ഇ.സി.ജി. എന്നിവപോലുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് ഞാറയ്ക്കൽ സർക്കാർ ആശുപത്രിയുടെ വികസനം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്തിട്ടില്ല.

(ബി) ലാബ്, ഇ.സി.ജി. എന്നീ സൗകര്യങ്ങൾ ഞാറയ്ക്കൽ ആശുപത്രിയിൽ നിലവിലുണ്ട്. ലാബ് ടെക്നീഷ്യൻ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമനം ലഭിച്ചയാൾ ജോലിയിൽ പ്രവേശിക്കാത്തതിനാൽ ഒഴിവ് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചികിത്സാ യൂണിറ്റുകൾ, ലാബ്, എക്സ്-റേ, ഇ.സി.ജി., ബ്ലഡ് ബാങ്ക് മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തി ന്യൂനതകൾ പരിഹരിച്ച് ഞാറയ്ക്കൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മല്ലപ്പള്ളി താലൂക്കാശുപത്രിയിലെ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുവാൻ നടപടി

45 (8105) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ ദിവസേന എത്തിച്ചേരുന്ന രോഗികളുടെ അനുപാതത്തിനനുസരിച്ച് സോകൂർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പുതുതായി നിർമ്മിച്ച ഓപ്പറേഷൻ തിയേറ്ററിന്റെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ ;

(സി) ഓപ്പറേഷൻ തിയേറ്ററിലേക്ക് ആവശ്യമായ സാമഗ്രികൾ എന്ന് ലഭ്യമാക്കുമെന്ന് വിശദമാക്കാമോ ;

(ഡി) ദന്തഡോക്ടറെ നിയമിച്ചിട്ടും ഡെന്റൽ കെയർ അടക്കമുള്ള സൗകര്യങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ കൃത്യമായ പരിശോധന നടക്കുന്നില്ല എന്നുള്ള പരാതി പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly